ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

Ref. M/BP/CIR/4.2025 May 31, 2025

ഇടയലേഖനം

മതബോധനം – ലക്ഷ്യവും പ്രായോഗികതയും

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്യസ്തരേ, മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

സീറോ മലബാർ സഭയുടെ മതബോധന ഡയറക്ടറി വിശ്വാസ പരിശീലനത്തെ നിർവ്വചിക്കുന്നത് ഇപ്രകാരമാണ്. 'മാമ്മോദീസ സ്വീകരിച്ചവർ വിശ്വാസത്തിൽ പക്വതപ്പെടുന്നതിനും അതുവഴി ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് വളരുന്നതിനും വേണ്ടി സഭ ക്രമാനുഗതമായും ചിട്ടയായും നടത്തുന്ന വിദ്യാഭ്യാസ ശുശ്രൂഷയാണ് വിശ്വാസ പരിശീലനം'. സഭയുടെ പരമപ്രധാനമായ ദൗത്യമാണ് ദൈവജനത്തെ വിശ്വാസത്തിൽ വളർത്തി സ്വർഗ്ഗത്തിൽ എത്തിക്കുക എന്നത്. ഉയർന്ന മൂല്യബോധവും അടിയുറച്ച വിശ്വാസവും സമ്പന്നമായ ആധ്യാത്മികതയും നിസ്വാർത്ഥമായ പ്രേക്ഷിത ചൈതന്യവും സ്വായത്തമാക്കി നമ്മുടെ കുഞ്ഞുങ്ങൾ വളർന്നു വരണമെങ്കിൽ അവർക്ക് മെച്ചപ്പെട്ട വിശ്വാസ പരിശീലനം കൂടിയേ തീരൂ. വിശ്വാസ പരിശീലനത്തിന് അടിത്തറ പാകുന്നത് കുടുംബത്തിലാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ 'ഗാർഹികസഭ' എന്നാണ് വിശേഷിപ്പിച്ചത്. പ്രഥമ വിശ്വാസ പരിശീലന വേദിയായ കുടുംബത്തിൽ നിന്നും തുടങ്ങിവയ്ക്കുന്ന അറിവുകളെ കുഞ്ഞുങ്ങളിൽ ആഴത്തിൽ വേരുറപ്പിക്കുന്നതാവണം മതബോധന ക്ലാസുകൾ.

ജൂൺ മാസം വിശ്വാസ പരിശീലനത്തിന്റെ പ്രവേശനോത്സവമാണല്ലോ. ആദ്യമായി വിശ്വാസ പരിശീലനം നേടുവാൻ എത്തുന്ന കുരുന്നുകൾക്കും നിലവിൽ താൽപ്പര്യപൂർവ്വം വിശ്വാസ പരിശീലനം നേടിക്കൊണ്ടിരിക്കുന്ന മുഴുവൻ മക്കൾക്കും പുതിയ അധ്യയന വർഷത്തിലേക്ക് സ്നേഹ സ്വാഗതം. കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുവാൻ പുതുതായി എത്തുന്ന അധ്യാപകർക്കും നിലവിൽ സ്തുത്യർഹമായ സേവനം ചെയ്തുകൊണ്ടിരിക്കുന്ന വിശ്വാസ പരിശീലകർക്കും അവർക്ക് ധീരമായ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന എല്ലാ പ്രിയപ്പെട്ട വികാരിയച്ചന്മാർക്കും പുതിയ വർഷത്തിലേക്ക് ഊഷ്മളമായ സ്വാഗതം.

ഈ വർഷത്തെ വിശ്വാസ പരിശീലനത്തിന് നാം എടുത്തിരിക്കുന്ന വിഷയം, വിശുദ്ധ പൗലോസ് ശ്ലീഹാ ഗലാത്തിയാക്കാർക്ക് എഴുതിയ ലേഖനത്തിൽ–നേതൃ സ്തംഭങ്ങളായി ഗണിക്കപ്പെട്ടിരുന്ന –യാക്കോബ്, പത്രോസ്, യോഹന്നാൻ എന്നിവരുമായി അദ്ദേഹം നടത്തുന്ന സംഭാഷണമാണ്. വിജാതീയർക്കായി സുവിശേഷം പ്രസംഗിക്കാൻ പോകുന്ന പൗലോസ് ശ്ലീഹായോട് അവർ ഒരേയൊരു കാര്യം മാത്രമേ ആവശ്യപ്പെട്ടുള്ളൂ. 'പാവങ്ങളെപ്പറ്റി ചിന്ത വേണം'(ഗലാത്തി:2:10). ആരാണ് പാവപ്പെട്ടവർ? സുവിശേഷം കേൾക്കുവാൻ ജീവിതസാഹചര്യം അനുവദിക്കാത്തവർ, മറ്റുള്ളവരാൽ മാറ്റിനിർത്തപ്പെട്ടവർ, രോഗം, പ്രായം, സാമ്പത്തിക ഞെരുക്കം എന്നിവയാൽ ഒറ്റപ്പെട്ട് ജീവിക്കുന്നവർ – ഇങ്ങനെയുള്ളവരെയും ശ്രദ്ധിക്കണമെന്ന ഉപദേശമാണ് പത്രോസ് ശ്ലീഹാ തന്റെ കൂട്ടുവേലക്കാരനായ പൗലോസിന് നൽകുന്നത്. ചുരുക്കത്തിൽ വിശ്വാസ പരിശീലനം ജീവിതബന്ധിയാവണം. പത്രോസ് ശ്ലീഹായുടെ ഈ ഉപദേശം മണ്ഡ്യ

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

രൂപതയിൽ എങ്ങനെ പ്രാവർത്തികമാക്കാം എന്നാണ് നാം ചിന്തിക്കുന്നത്. പാവപ്പെട്ടവരോടുള്ള ബന്ധം ആഴപ്പെടുത്തിയെടുക്കുവാനുതകുന്ന മൂന്നു കാര്യങ്ങൾ നിങ്ങളോട് പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്ന്– 'വിശ്വാസ പരിശീലനത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം ക്രിസ്തുവാകുന്ന സ്നേഹിതനെ അറിയുക എന്നതാണ്. കൂടാതെ ക്രിസ്തുവിനെ അനുഗമിക്കുന്ന വ്യക്തികളേയും കുടുംബങ്ങളേയും വാർത്തെടുത്ത്, ഒരു നല്ല സമൂഹത്തെ രൂപപ്പെടുത്തുക എന്നതും നമ്മുടെ കടമയാണ്. പൂർണ്ണ നന്മ തന്നെയായ ക്രിസ്തുവിനെ നാം അനുഗമിക്കുമ്പോൾ സ്വാഭാവികമായും അവിടുത്തെ നന്മ നമ്മിലേയ്ക്ക് ഒഴുകിയെത്തി നമ്മൾ നല്ല വ്യക്തികളായി മാറും. ഈശോ നമ്മുടെ വിട്ടുപിരിയാത്ത സ്നേഹിതനാണെന്ന ബോധ്യം കുഞ്ഞുങ്ങളിൽ ഉണർത്താൻ, ക്രിസ്തുവിന്റെ സാക്ഷികളായ വിശ്വാസ പരിശീലകർ കടപ്പെട്ടവരാണ്. ഈശോയുടെ വചനങ്ങൾ കുഞ്ഞുങ്ങളുടെ ഹൃദയങ്ങളിൽ ആഴത്തിൽ പതിപ്പിക്കുവാൻ നമുക്ക് കഴിയണം.

രണ്ട്– 'നമ്മൾ ക്രിസ്തുവിന്റെ ശരീരമായ തിരുസഭയുടെ ഭാഗമാണെന്ന് അറിയണം. ഇപ്പോഴത്തെ കണക്കനുസരിച്ച് 130 കോടി കത്തോലിക്കർ ലോകത്തിലുണ്ട്. സഭാ ഗാത്രത്തിന് നേതൃത്വം നൽകുന്ന ആറായിരത്തോളം മെത്രാന്മാരുണ്ട്. കർത്താവിന്റെ മദ്ബഹയിൽ എന്നും ബലിയർപ്പിക്കുന്ന നാലു ലക്ഷത്തിലധികം വൈദികരുണ്ട്. ആശ്രയമില്ലാത്ത ആളുകൾക്ക് വേണ്ടി, ക്രിസ്തുവിന്റെ നാമത്തിൽ നിസ്വാർത്ഥ സേവനമനുഷ്ഠിക്കുന്ന ആറ് ലക്ഷത്തോളം സിസ്റ്റേഴ്സ് ഉണ്ട്. സഭയ്ക്കായി നിരന്തരം പ്രാർത്ഥിക്കുന്ന അല്മായ പ്രേക്ഷിതരുണ്ട്. ഈ വലിയ സമൂഹത്തിന്റെ പ്രാർത്ഥനയുടെ, ബലിയുടെ, സേവനത്തിന്റെ, ത്യാഗസുരഭിലമായ ജീവിതത്തിന്റെ നന്മയിൽ നാം പങ്ക് പറ്റുന്നു. ഇതിന്റെ മനോഹാരിത നിരന്തരമായി കുട്ടികളോട് പറയണം. അവർ ഒറ്റപ്പെട്ട തുരുത്തുകളല്ലെന്നും, അവർക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്ന ഒരു സമൂഹം – പ്രായമായവർ, കുട്ടികൾ, ഭിന്നശേഷിക്കാർ, വിധവകൾ, ട്രാൻസ്ജെൻഡറുകൾ– ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടെന്നും കുട്ടികൾ അറിയണം. ഇവരുടെ പ്രാർത്ഥനകൾ വിശ്വാസ പരിശീലനത്തിലുള്ള കുട്ടികളുടെ പാദങ്ങൾക്ക് വിളക്കും, പാതകൾക്ക് പ്രകാശവുമായി മാറുമെന്നത് തീർച്ചയാണ്.

മൂന്ന്– 'നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ' (ലൂക്കാ: 6:36) എന്ന ഈശോയുടെ വചനം അനുസരിച്ച് മറ്റുള്ളവരോട് കരുണ കാണിക്കുവാൻ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക എന്നതാണ് വിശ്വാസ പരിശീലനത്തിന്റെ മറ്റൊരു പ്രധാന ലക്ഷ്യം. ജീവകാരുണ്യ പ്രവർത്തികൾ ജീവിതവൃതമാക്കിയ നിരവധി പേർ നമ്മുടെ ഇടയിൽ ഉണ്ട്. ആശുപത്രികളിലും വഴിയോരങ്ങളിലും സൗജന്യമായി ഭക്ഷണം എത്തിക്കുന്നവർ, ആരും സഹായിക്കാൻ ഇല്ലാത്ത രോഗികളെ പരിചരിക്കുന്നവർ, അവർക്ക് ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നവർ, പാവപ്പെട്ടവർക്ക് സൗജന്യ നിയമസഹായം ചെയ്യുന്നവർ, യുദ്ധത്തിലും പ്രകൃതിദുരന്തത്തിലുംപെട്ട് ഉഴലുന്നവർക്ക് സഹായം എത്തിക്കുന്നവർ, കൃഷിക്കാരെ സംരക്ഷിക്കുവാൻ സംഭരണശാലകൾ പണിയുന്നവർ, പുതിയ മരുന്ന് കണ്ടുപിടിക്കുവാൻ ലാബുകളിൽ അധ്വാനിക്കുന്നവർ, അനാഥരുടെ മൃതദേഹങ്ങൾ സംസ്കരിക്കുവാൻ മുൻകൈ എടുക്കുന്നവർ – ഇവരെല്ലാം ക്രിസ്തുവിന്റെ മുറിവേറ്റ തിരുമുഖം തുടയ്ക്കുന്നവരാണ്. വിശ്വാസ പരിശീലനം നേടുന്നവർക്കും ഇങ്ങനെയുള്ള താല്പര്യങ്ങൾ ഉണ്ടാവണം. അതാണ് ജീവിതഗന്ധിയായ വിശ്വാസ പരിശീലനം. വിശുദ്ധ ബലിയ്ക്കിടെ വചന സന്ദേശങ്ങളിലൂടെയും, ഉപദേശ– നിർദ്ദേശങ്ങളിലൂടെയും, കുടുംബ

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

കൂട്ടായ്മകളിലൂടെയും, കുടുംബത്തിൽ നിന്ന് ലഭിക്കുന്ന മൂല്യബോധങ്ങളിലൂടെയും വിശ്വാസ പരിശീലനത്തിന്റെ പ്രായോഗികഭാവം കുഞ്ഞുങ്ങൾക്ക് തെളിഞ്ഞു കിട്ടണം. വിശ്വാസ പരിശീലന ക്ലാസുകൾക്ക് പോയി നല്ല മാർക്ക് വാങ്ങുന്നതു കൊണ്ട് തീരുന്ന ഒന്നല്ല മതബോധനം. ബുദ്ധിയിലൂടെ ലഭിച്ചത് സ്വഭാവത്തിലൂടെ പ്രകടമാക്കുമ്പോഴാണ് വിശ്വാസ പരിശീലനം ലക്ഷ്യപ്രാപ്തിയിലെത്തുക. മാതാപിതാക്കളെ ബഹുമാനിക്കണം എന്ന കൽപ്പന പഠിപ്പിച്ചാൽ അത് മതബോധനമാവില്ല. മറിച്ച് അത് പ്രാവർത്തികമാക്കുമ്പോഴാണ് മതബോധന ക്ലാസുകൾ ലക്ഷ്യം കാണുന്നത്.

എന്റെ എല്ലാ പ്രിയപ്പെട്ട വൈദികരേയും വിശ്വാസ പരിശീലന വർഷത്തിലേക്ക് സ്വാഗതം ചെയ്യുന്നു. ഇത് നിങ്ങളുടെ പ്രാഥമികമായ ഉത്തരവാദിത്വമാണ്. എല്ലാ CBC അംഗങ്ങൾക്കും നന്ദി പറയുന്നു. നിങ്ങളുടെ നിരന്തരമായ ജാഗ്രത ഈ പ്രവർത്തനത്തിന് മിഴിവേകുന്നു. എല്ലാ അധ്യാപകരേയും അനധ്യാപകരേും നന്ദിയോടെ ഓർക്കുന്നു. ഇടവകയിൽ നിന്ന് എല്ലാ സഹായവും നൽകുന്ന പാരിഷ് കൗൺസിൽ അംഗങ്ങളെയും പള്ളിയിലേക്ക് സംഭാവന നൽകുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

വിശ്വാസം നമ്മുടെ ജീവശ്വാസമായിരിക്കട്ടെ. ദൈവത്തിന്റെ കൃപയെ നന്ദിപൂർവ്വം ഓർമ്മിക്കാം. വിശ്വാസ പരിശീലനത്തിലൂടെ കടന്നുപോകുന്നഎല്ലാ പ്രിയപ്പെട്ട മക്കളും എന്റെ വാൽസല്യഭാജനങ്ങളാണ്. നിങ്ങളുടെ വിശ്വാസവും സ്നേഹവും വാത്സല്യവും എന്റെ ഹൃദയത്തെ ശക്തിപ്പെടുത്തുന്നു. കുഞ്ഞുങ്ങൾ ബാലനായ ഈശോയെപ്പോലെ 'ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിൽ വളർന്നു വരുവാൻ നസ്രത്തിലെ തിരുകുടുംബം കൃപ നൽകട്ടെ' എന്ന് പ്രാർത്ഥിക്കുന്നു.

ദൈവം മക്കളെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

സെബാസ്റ്റ്യൻ പിതാവ്

ഈ സർക്കുലർ 2025 ജൂൺ 1-ാം തീയതിയോ ജൂൺ 8-ാം തീയതിയോ ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കുകയും സോഷ്യൽ മീഡിയ വഴി പരമാവധി ഷെയർ ചെയ്യാനും ശ്രദ്ധിക്കുമല്ലോ.